"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - പാലക്കാട് എക്സൈസ് ഡിവിഷൻ ഓഫീസിലെ ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ കാലയളവ്- ക്രമീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.499/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-
1. സ.ഉ(സാധാ)നം.412/2022/നി.വ തീയതി 24.05.2022
2. സ.ഉ(സാധാ)നം.519/2022/നി.വ തീയതി 01.07.2022
3. സ.ഉ(സാധാ)നം.863/2022/നി.വ തീയതി 08/11/2022
4. സ.ഉ(സാധാ)നം.237/2023/നി.വ തീയതി 31/03/2023
5. സ ഉ (സാധാ) നം.525/2023/നി വ തീയതി 02/08/2023
6. സ.ഉ(സാധാ)നം.103/2024/നി.വ തീയതി 03/02/2024
7. എക്സൈസ് കമ്മീഷണറുടെ 11/03/2024 തീയതിയിലെ ഇഎക്സ് സി/2237/2022-എക്സ്.ഇ4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിൽ, 16.05.2022-ാം തീയതി പാലക്കാട് എക്സൈസ് ഡിവിഷൻ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.നൂർ മുഹമ്മദ് എന്ന ഉദ്യോഗസ്ഥൻ തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട റേഞ്ചിലെ ഗ്രൂപ്പ് V -ലെ ലൈസൻസി ദേവദാസ്, തൃശ്ശൂർ, അന്തിക്കാട്, കോലഴി, ചേർപ്പ്, കൊടുങ്ങല്ലൂർ റേഞ്ചുകളിലെ ലൈസൻസികളായ സുനിൽ.പി.ജി, രഞ്ജിത്ത്.കെ എന്നിവരുടെ മാനേജരും നടത്തിപ്പുകാരനുമായ മോഹനൻ എന്നിവരിൽ നിന്നും 224000/- രൂപ അടങ്ങിയ പൊതി കൈപ്പറ്റി തന്റെ ടൂവീലറിൽ സൂക്ഷിച്ച സമയം പിടികൂടിയ വിഷയവുമായി ബന്ധപ്പെട്ട് എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് ഘട്ടങ്ങളിലായി പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം പാലക്കാട് ഡിവിഷനിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായിരുന്ന ശ്രീ എം എം നാസർ ഉൾപ്പെടെ 20 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (3),(4),(5) എന്നീ ഉത്തരവുകൾ പ്രകാരം ടി ഉദ്യോഗസ്ഥരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുള്ളതുമാണ്.ടി ഉദ്യോഗസ്ഥരിൽ ശ്രീ.സജീവ്.എസ് (എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ), ശ്രീ.അജയൻ.കെ (എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ), ശ്രീ.രമേഷ്.പി (എക്സൈസ് ഇൻസ്പെക്ടർ), ശ്രീ.സെന്തിൽകുമാർ.സി (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ), ശ്രീ.സന്തോഷ് കുമാർ.പി (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ), ശ്രീ.ശ്യാംജിത്ത്.ടി (പ്രിവന്റീവ് ഓഫീസർ), ശ്രീ.മൻസൂർ അലി.എസ് (പ്രിവന്റീവ് ഓഫീസർ), ശ്രീ.ശശികുമാർ കെ എ (സിവിൽ എക്സൈസ് ഓഫീസർ) എന്നിവർക്കെതിരെ ആരോപിതമായ കുറ്റങ്ങൾ രേഖകളുടെയും വിശകലനത്തിൽ തെളിയുന്നില്ല

എന്നതിനാൽ ടിയാളുകൾക്കെതിരായ സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടികളിൻമേലുള്ള മേൽ നടപടികളിൽ നിന്നും ടിയാൻമാരെ ഒഴിവാക്കി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

2) മേൽ സാഹചര്യത്തിൽ അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഉദ്യോഗസ്ഥരായ ശ്രീ.സജീവ്.എസ് (എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ), ശ്രീ.അജയൻ.കെ (എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ), ശ്രീ.രമേഷ്.പി (എക്സൈസ്ഇൻസ്പെക്ടർ) ശ്രീ.സെന്തിൽകുമാർ.സി (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ), ശ്രീ.സന്തോഷ് കുമാർ.പി (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ), ശ്രീ.ശ്യാംജിത്ത്.ടി (പ്രിവന്റീവ് ഓഫീസർ), ശ്രീ.മൻസൂർ അലി.എസ് (പ്രിവന്റീവ് ഓഫീസർ), ശ്രീ.ശശികുമാർ കെ എ (സിവിൽ എക്സൈസ് ഓഫീസർ) എന്നിവരുടെ സസ്പെൻഷൻ കാലയളവ് എല്ലാകാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് ടിയാളുകൾ സമർപ്പിച്ച അപേക്ഷകൾ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (7) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഉദ്യോഗസ്ഥരായ ശ്രീ.സജീവ്.എസ്(എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ), ശ്രീ.അജയൻ.കെ(എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ) ശ്രീ.രമേഷ്.പി(എക്സൈസ്ഇൻസ്പെക്ടർ) ശ്രീ.സെന്തിൽകുമാർ.സി (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ) ,ശ്രീ.സന്തോഷ് കുമാർ.പി (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ), ശ്രീ.ശ്യാംജിത്ത്.ടി (പ്രിവന്റീവ് ഓഫീസർ), ശ്രീ.മൻസൂർ അലി.എസ് (പ്രിവന്റീവ് ഓഫീസർ), ശ്രീ.ശശികുമാർ കെ എ (സിവിൽ എക്സൈസ് ഓഫീസർ) എന്നിവരുടെ 24-05-2022 മുതൽ 30-03-2023 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാളുകൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 31-03-2023 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56B(9) Note-2 പ്രകാരം പ്രവേശന കാലമായോ (KSRs Part I Rule 127 പ്രകാരം അർഹമായ പ്രവേശന കാലം) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4) ധന വകുപ്പ് (EXP-B1/237/2024-FIN dated 30/05/2024 പ്രകാരം)
5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
സെക്ഷൻ ഓഫീസർ
Date: 10-06-2024 13:04:58